# കൊമോറോസ് പ്രസിഡന്റുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

സെപ്റ്റംബർ 10, 2023

2023 സെപ്തംബർ 10-ന് ഡൽഹിയിൽ നടക്കുന്ന ജി20 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി, യൂണിയൻ ഓഫ് കൊമോറോസ് പ്രസിഡന്റ് ശ്രീ. അസലി അസ്സൗമാനിയുമായി കൂടിക്കാഴ്ച നടത്തി.

2. ആഫ്രിക്കൻ യൂണിയനെ ജി20 യിൽ സ്ഥിരാംഗമാക്കാനുള്ള പ്രധാനമന്ത്രിയുടെ മുൻകൈയ്ക്കും പ്രയത്നങ്ങൾക്കും പ്രസിഡന്റ് അസ്സൗമാനി നന്ദി പറഞ്ഞു. ഇന്ത്യയുടെ പങ്കും ആഫ്രിക്കയുമായുള്ള ബന്ധവും കണക്കിലെടുത്ത് ഇന്ത്യയുടെ ജി20 പ്രസിഡൻസി കാലത്ത് ഇത് സംഭവിച്ചതിൽ അദ്ദേഹം തന്റെ പ്രത്യേക സന്തോഷം പങ്കുവെച്ചു. ഇത് ഇന്ത്യ-കൊമോറോസ് ബന്ധത്തിന് ഉത്തേജനം നൽകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ ജി20 പ്രസിഡൻസിയുടെ വിജയത്തിന് പ്രധാനമന്ത്രിയെ അദ്ദേഹം അഭിനന്ദിച്ചു

3. ജി20യിൽ അംഗമായതിന് ആഫ്രിക്കൻ യൂണിയനെയും കൊമോറോസിനെയും പ്രധാനമന്ത്രി അഭിനന്ദിക്കുകയും വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് വ്യക്തമാക്കാനുള്ള ഇന്ത്യയുടെ ശ്രമങ്ങൾ എടുത്തുപറയുകയും 2023 ജനുവരിയിൽ ഇന്ത്യ വിളിച്ചുചേർത്ത വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടി അനുസ്മരിക്കുകയും ചെയ്തു.

4. ഇരു നേതാക്കൾക്കും അവരുടെ ഉഭയകക്ഷി പങ്കാളിത്തത്തെക്കുറിച്ച് ചർച്ച നടത്താൻ അവസരമൊരുക്കി. നിലവിൽ പ്രവർത്തനത്തിലുള്ള നിരവധി സംരംഭങ്ങളിൽ അവർ സംതൃപ്തി പ്രകടിപ്പിക്കുകയും സമുദ്ര സുരക്ഷ, ശേഷി വികസനം, വികസന പങ്കാളിത്തം തുടങ്ങിയ മേഖലകളിലെ സഹകരണത്തിനുള്ള അവസരങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

**ന്യൂഡൽഹി**
**സെപ്റ്റംബർ 10, 2023**